പോലീസ് റൈഫിൾ സെന്ററിന്റെ പ്രവർത്തനം

90 (91) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കേരളാ പോലീസ് റൈഫിൾസ് സെന്ററിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ ?

ഉത്തരം

കേരള റൈഫിൾസ് ബറ്റാലിയന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. അതിൻപ്രകാരം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കമാണ്ടന്റിനെ ഇതിനകം നിയമിച്ചു കഴിഞ്ഞു. മറ്റു പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

കണ്ണൂർ ജില്ലയിൽ നടന്ന കൊലപാതകങ്ങൾ

91 (92) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ എത്ര കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ എന്നിവ നടന്നിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ പ്രസ്തുത ജില്ലയിൽ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നു ;

(സി) എത്ര പേർക്ക് അംഗഭംഗം നേരിട്ടു ;

(ഡി) എത്രപേർക്ക് മറ്റുവിധത്തിലുള്ള പരിക്കേറ്റു ;

(ഇ) ഈ കാലഘട്ടത്തിൽ എത്ര കൊലപാതകശ്രമങ്ങൾ ഇവിടെ നടന്നു ;

(എഫ്) ഈ കാലഘട്ടത്തിൽ ഈ ജില്ലയിൽ എത്ര ബോംബ് സ്ഫോടനങ്ങളും ബോംബുകൊണ്ടുള്ള അക്രമങ്ങളും നടന്നു ;

(ജി) സി.പി.ഐ.(എം)-ന്റെ ആഫീസുകളിൽ ഈ കാലത്ത് എത്ര സ്ഫോടനങ്ങളുണ്ടായി ; മറ്റ് സ്ഥലത്ത് എത്ര സ്ഫോടനങ്ങളുണ്ടായി ;

(എച്ച്) ഈ രണ്ടു വിധത്തിലുള്ള സ്ഫോടനങ്ങളുടേയും ഫലമായി എത്ര പേർ മരിച്ചു ;

(ഐ) എത്ര പേർക്ക് രണ്ടു കൈയും നഷ്ടപ്പെട്ടു ;

(ജെ) എത്ര പേർക്ക് മറ്റുവിധത്തിലുള്ള പരുക്കേറ്റു ?

ഉത്തരം

(എ) 26 രാഷ്ട്രീയ കൊലപാതകങ്ങളും 154 മറ്റ് കൊലപാതകങ്ങളും നടന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1233 കേസുകളെടുത്തിട്ടുണ്ട്.

(സി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) സി.പി.എം. ആഫീസിൽ ഒരു സ്ഫോടനം മാത്രമേ നടന്നിട്ടുള്ളൂ. മറ്റു സ്ഥലങ്ങളിൽ 200 സ്ഫോടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(എച്ച്-ജെ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

കതിരൂരിലെ സ്ഫോടനം

92 (93) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഒക്ടോബറിൽ കതിരൂരിലെ ആൾപ്പാർപ്പില്ലാത്ത വീട്ടിലുണ്ടായ സ്ഫോടനത്തിൽ ആരെല്ലാം മരിച്ചു ;

(ബി) ആർക്കെല്ലാം അംഗഭംഗമുണ്ടായി ; ആർക്കെല്ലാം മറ്റു പരിക്കുകളേറ്റു ;

(സി) ഈ സ്ഫോടനമുണ്ടായത് എപ്രകാരമാണ് ;

(ഡി) ഇത് സംബന്ധിച്ച് എന്തെല്ലാം കുറ്റങ്ങൾക്ക് കേസെടുത്തു ;

(ഇ) ഇതിലെ പ്രതികൾ ആരെല്ലാമാണ് ; പ്രതികളെ അറസ്റ്റു ചെയ്തുവോ ;

(എഫ്) 2000 നവംബറിൽ ധർമ്മടം സി.പി.ഐ.(എം.) ബ്രാഞ്ച് കമ്മിറ്റി ആഫീസിൽ സ്ഫോടനമുണ്ടായോ ;

(ജി) എങ്കിൽ ആർക്കെല്ലാം പരിക്കേറ്റു ;

(എച്ച്) ഈ സ്ഫോടനമുണ്ടായത് എപ്രകാരമാണ് ;

(ഐ) ഇതു സംബന്ധിച്ച എന്തെല്ലാം കുറ്റങ്ങൾക്ക് കേസെടുത്തു ; ഇതിലെ പ്രതികൾ ആരെല്ലാമാണ് ; അവരിൽ ആരെയെല്ലാം അറസ്റ്റ് ചെയ്തു ;

(ജെ) 2000 ജനുവരി 11-ന് കുടിയാൻ മലയിൽ ഒരു സി.പി.ഐ.(എം) നേതാവിന്റെ വീട്ടിൽ സ്ഫോടനം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ആ സ്ഫോടനത്തിൽ ആരെല്ലാം മരിച്ചു ;

(കെ) ഇതു സംബന്ധിച്ച് എന്തെല്ലാം കുറ്റങ്ങൾക്ക് കേസെടുത്തു ; പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണ് ; അവരെ അറസ്റ്റ് ചെയ്തുവോ ;

(എൽ) ഈ സ്ഫോടനങ്ങളിലെല്ലാം മരിച്ചവരും പരിക്കേറ്റവരും ഏത് രാഷ്ട്രീയ കക്ഷിക്കാരോ അവരുടെ അനുഭാവികളോ ആണ് ;

(എം) ഈ സ്ഫോടനം സംബന്ധിച്ച് എടുത്ത കേസുകളിലെ പ്രതികൾ ഏത് രാഷ്ട്രീയ കക്ഷിക്കാരോ അവരുടെ അനുഭാവികളോ ആണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly